കർഷക കടാശ്വാസ കമ്മീഷന്റെ തീർപ്പുപ്രകാരം സഹകരണ ബാങ്കുകൾ വഴി നൽകിയ കടാശ്വാസം

17 (980) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ തീർപ്പുപ്രകാരം സഹകരണ ബാങ്കുകൾ വഴി നൽകിയ കടാശ്വാസം ലഭ്യമാക്കിയത് എത്രപേർക്ക് ആണെന്നും എത്ര തുകയാണെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കർഷകർക്ക്/സംഘങ്ങൾക്ക് നൽകിയിരുന്ന 24794 അവാർഡുകളിലായി 33,78,76,405 രൂപ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിൽ ആനുകൂല്യത്തിന് അർഹതയുണ്ടെന്ന് വകുപ്പുതല പരിശോധനയിൽ കണ്ടെത്തിയ 27,48,03,731 രൂപ 20998 അവാർഡുകളിലായി (28-1-2011 വരെ) സഹകരണ സംഘം രജിസ്ട്രാർ സംഘങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു:

ജില്ല	അവാർഡുകളുടെ എണ്ണം	തുക (രൂപയിൽ)
തിരുവനന്തപുരം	635	1,72,29,602
കൊല്ലം	143	49,63,260
പത്തനംതിട്ട	195	38,97,454
ആലപ്പുഴ	170	19,76,981
കോട്ടയം	161	48,95,242
ഇടുക്കി	11479	10,43,62,839
എറണാകുളം	21	6,57,754
പാലക്കാട്	406	76,11,056
മലപ്പുറം	425	69,63,370
കോഴിക്കോട്	841	1,89,48,565
വയനാട്	5141	8,29,65,620
കണ്ണൂർ	638	1,00,03,698
കാസർഗോഡ്	743	1,03,26,292
ആകെ	20998	27,48,03,733

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുപുറമെ കടാശ്വാസ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ 1 ഏക്കറിൽ കവിയാതെ സ്വന്തമായോ മറ്റ് വിധത്തിലോ കൃഷി ഭൂമിയുള്ള കർഷകർ 30-6-2006 വരെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള 25,000 രൂപ വരെയുള്ള കാർഷിക കടങ്ങളുടെ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുത്ത് 32472 വായ്പകളിലായി 14.38 കോടി രൂപ അർഹതപ്പെട്ട സംഘങ്ങൾക്ക്/ബാങ്കുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പാ ജപ്തി നടപടി നേരിടുന്നവർക്ക് സഹായം

18 (981) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിൽനിന്ന് വായ്പ എടുത്ത് പലിശയും പിഴപ്പലിശയും നേരിട്ട് ബുദ്ധിമുട്ടുന്നവരെ സഹായിക്കാൻ എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദീകരിക്കുമോ ;

(ബി) ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് ലോൺ എടുത്ത് ജപ്തി നേരിടുന്നവർക്ക് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(സി) ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുത്ത് പലിശയും പിഴപ്പലിശയും ജപ്തിയും നേരിടുന്നവർക്ക് നൽകിവരുന്ന സഹായങ്ങൾക്ക് സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ജില്ലാ സഹകരണ ബാങ്കിൽ നിന്ന് വായ്പ എടുത്ത് ജപ്തി നേരിടുന്ന ബി.പി.എൽ. അംഗങ്ങളെയും ദുർബ്ബല വിഭാഗങ്ങളേയും ജപ്തി നടപടിയിൽ നിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്ത് കുടിശ്ശികയായവരെ സഹായിക്കുന്നതിനായി 'സഹകരണ നവരത്നം കേരളീയം' പദ്ധതിയുടെ ഭാഗമായി 'കുടിശ്ശിക നിവാരണം ശതശതമാനം കേരളീയം 2011' പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി&സി) 'കുടിശ്ശിക നിവാരണം ശതശതമാനം കേരളീയം' പദ്ധതിയുടെ ഭാഗമായി 5 ലക്ഷം രൂപ വരെയുള്ള വായ്പകൾ കുടിശ്ശിക ആയിട്ടുണ്ടെങ്കിൽ വായ്പ എടുക്കുമ്പോൾ നിലവിലുണ്ടായിരുന്ന പലിശ നിരക്കോ, ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയത് പ്രകാരമുള്ള പലിശ തുകയും പലിശ തുകയുടെ 10% എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജും മുതലിനോടൊപ്പം ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. 5 ലക്ഷം രൂപയ്ക്ക് മുകളിൽ 10 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് വായ്പ എടുക്കുമ്പോൾ നിലവിലിരുന്ന പലിശ നിരക്കോ, ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയത് പ്രകാരമുള്ള

LIBRARY ARCHIVES Kerala Legislative Assembly